# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5852

30.07.2015-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾ വഴി ആഘോഷവേളകളിൽ അവശ്യസാധനങ്ങളുടെ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>,, എം. ഹംസ<br>,, കെ.കെ.നാരായണൻ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങൾ വഴി ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിങ്ങനെയുള്ള ആഘോഷവേളകളിൽ പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ തക്കവിധത്തിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>സഹകരണ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിലക്കയറ്റത്തിന് സാദ്ധ്യതയേറിയ ഉത്സവകാലങ്ങളിൽ സബ്സിഡി വിപണന മേളകളിലൂടെ വിതരണം ചെയ്തു വരുന്നു. ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിങ്ങനെയുള്ള ഉത്സവ വേളകളിൽ ഇത്തരം വിപണികൾ നടത്തുന്നതിലൂടെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയ്ക്കുവാൻ വ്യാപാരികൾ നിർബന്ധിതരാകുകയും തൽഫലമായി വിലക്കയറ്റത്തിന്റെ പരിണിതഫലമായ കൃത്രിമക്ഷാമം പോലെയുള്ള ദുഷ് പ്രവണതകൾ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ വ്യാപാരസ്ഥാപനങ്ങൾക്ക് സഹായം ചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് | (ബി) | പൊതുവിപണിയിലിടപെടുന്നതിനും വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും കാലാകാലങ്ങളിൽ പ്രവർത്തനം നടത്തുന്ന കൺസ്യൂമർ ഫെഡ് |

| | | | |
|---|---|---|---|
| | ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ; | | പോലെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഫണ്ടില്ലുള്ള അപര്യാപ്തത മൂലമാണ് പ്രവർത്തനമാന്ദ്യം സംഭവിച്ചിട്ടുള്ളത്. സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾക്ക് സഹായം ചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപം അതിനാൽ അടിസ്ഥാന രഹിതമാണ്. |
| (സി) | കമ്പോള ഇടപെടലിന് സഹകരണമേഖലയെ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ സബ്സിഡി വിപണികളിലൂടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20% വരെ വിലകുറച്ചും, നന്മ സ്റ്റോറുകളിലൂടെ നിലവിൽ, വർഷം മുഴുവൻ 6 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലകുറച്ച്, സാമ്പത്തിക മാന്ദ്യം കണക്കിലെടുക്കാതെ സഹകരണ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് വിപണനം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പോള ഇടപെടലിന് സഹകരണ മേഖലയെ ഉപയോഗപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ